AKPCTA

# kerala private COLLEGE TEACHER

No. 138

February 1997




ഇക്കണോമിക്സ് ശില്പശാല ഡോ. കെ. ജി. ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

കേരള പ്രൈവററ് കോളേജ് ടീച്ചർ ലക്കം: 138 ഫെബ്രുവരി 1997

എഡിററർ:
എ. പ്രതാപചന്ദ്രൻ നായർ

മാനേജിംഗ് എഡിററർ:
ടി. എൻ. മനോഹരൻ

അംഗങ്ങൾ : എസ്. വിശ്വനാഥൻ, കെ. പി. ദിവാകരൻനായർ, എം. സലീം, ജോയ് ജോബ് കുളവേലി, കെ. ഇ. എൻ. കുഞ്ഞഹമ്മദ്, മാത്യു ജെ. മുട്ടത്ത്, എം. എസ്. വസന്തകുമാർ, ഡി. തോമസ്, എസ്. ജയരാജ്കുമാർ, ജി. എസ്. സുരേഷ്, ഷാഹുൽ ഹമീദ്, കെ. സി. കുട്ടപ്പൻ നായർ, ജെ. ചന്ദ്ര

# തിളക്കമാർന്ന നേട്ടങ്ങളോടെ കണ്ണൂരിൽ

എ കെ പി സി ടി എ 39-ാം സംസ്ഥാന സമ്മേളനം മാർച്ച് 15, 16 തീയതികളിലായി കണ്ണൂരിൽ നടക്കുകയാണ്. കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ, പ്രത്യേകിച്ചും ഉന്നത വിദ്യാഭ്യാസ രംഗത്ത് കാതലായ മാററങ്ങളുടെ കാററ് വീശുന്ന ഈ സമയത്ത് ചേരുന്ന സമ്മേളനത്തിന് അതീവ പ്രാധാന്യമുണ്ട്.

തിരുവനന്തപുരം സമ്മേളനം കഴിഞ്ഞ് ഏറെ താമസിയാതെ നമ്മുടെ രാജ്യത്ത് വന്ന രാഷ്ട്രീയ മാററം ഏറെ പ്രതീക്ഷയും ആവേശവും ഉണർത്തുന്നതായിരുന്നു. അഴിമതിയിലൂടെയും കച്ചവടവൽക്കരണത്തിലൂടെയും നമ്മുടെ നാടിന്റെ സമസ്ത മേഖലകളേയും തളർത്തുകയും വിരുദ്ധ ശക്തികൾക്ക് അടിയറവ് പറയുകയും ചെയ്ത ഭരണത്തെ ജനകീയ ശക്തി തൂത്തെറിയുന്നത് പോയ വർഷം നാം കണ്ടു. ജാതിമത വർഗീയ ശക്തികളെ ഒരു പരിധിവരെയെങ്കിലും ഒതുക്കിനിറുത്താൻ കഴിയുന്നുവെങ്കിലും രാജ്യത്തെ കാർന്നുതിന്നുന്ന സാമ്പത്തിക രംഗത്തെ പിന്തിരിപ്പൻ നയപരിപാടികൾ പലതും തുടരുന്നുവെന്നത് നമുക്ക് ഏറെ ഉത്കണ്ഠ ഉളവാക്കുന്നതാണ്. ജനവിരുദ്ധ നയങ്ങൾക്കെതിരായുള്ള നമ്മുടെ സമരം ശക്തമായിത്തന്നെ മുന്നോട്ടു കൊണ്ടുപോകേണ്ടിയിരിക്കുന്നു

സ്വാതന്ത്ര്യത്തിന്റെ അമ്പതാം വാർഷികം കൊണ്ടാടുന്ന ഇന്നും ഇന്ത്യയിലെ പകുതിയോളം (48%) ആളുകൾ അക്ഷരമെന്തെന്നറിയാത്തവരാണ്. ഇന്ത്യൻ ജനതയ്ക്ക് വിദ്യാഭ്യാസം മൗലികാവകാശമല്ല. പൊതുവിദ്യാഭ്യാസത്തിന്റെ കാര്യത്തിലായാലും നമ്മുടെ പിന്നോക്കാവസ്ഥ മാററിയെടുക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി വളർത്തിയെടുക്കേണ്ടിയിരിക്കുന്നു. രാഷ്ട്രീയ നേതൃത്വം അതിന് നിർബന്ധിപ്പിക്കപ്പെടേണ്ടിയിരിക്കുന്നു.

നൂറു ശതമാനം സാക്ഷരത കൈവരിച്ച കേരളത്തിൽ സാമൂഹ്യരംഗത്തും ആരോഗ്യരംഗത്തുമൊക്കെ നാം മുന്നേറിയെങ്കിലും സാമ്പത്തികവികസനകാര്യത്തിലുള്ള തളർച്ച സജീവമായിത്തന്നെ ചർച്ചാവിഷയമായിരിക്കുകയാണ്. നാടിന്റെ വികസനം ത്വരിതപ്പെടുത്താൻ രൂപപ്പെട്ടിരിക്കുന്ന ജനകീയാസൂത്രണപ്രസ്ഥാനം ലോകത്തിനാകെ മാതൃകയാകും എന്നതിൽ സംശയമില്ല.

സേവന വേതന കാര്യങ്ങളിൽ ജാഗ്രത പുലർത്തുന്നതോടൊപ്പം നാടിന്റെ സമഗ്ര വികസനത്തിനുതകുന്ന കർമ്മപരിപാടികളിൽ സംഘടന നമ്മുടേതായ പങ്ക് വഹിക്കുന്നുണ്ട്. ആഗോളവത്കരണത്തിന്റെയും ഉദാരവത്കരണത്തിന്റെയും പേരിൽ സർക്കാർ കൊണ്ടുവരുന്ന ജനവിരുദ്ധനയങ്ങൾക്കെതിരെയുള്ള സമരമുഖത്ത് ഇതര സംഘടനകളോടൊപ്പം എകെപി സി ടി എ എന്നും സജീവമായിത്തന്നെയുണ്ട്. കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് വന്ന ഇത്തരം പ്രവണതകളെ എതിർത്ത് തോല്പിക്കാൻ നേതൃസ്ഥാനത്ത് എ കെ പി സി ടി എ ഉണ്ടായിരുന്നു. ഏകീകൃത സർവകലാശാലാ നിയമം ചരിത്രത്തിന്റെ ചവററുകുട്ടയിലായിക്കഴിഞ്ഞു. പാവപ്പെട്ടവർക്ക് വിദ്യാഭ്യാസം നിഷേധിക്കാൻവേണ്ടിയുംകച്ചവടമനസ്ഥിതിയോടും കൂടി എത്രയെത്ര അൺഎയിഡഡ്. സ്വാശ്രയ സ്ഥാപനങ്ങളാണ് മുൻസർക്കാർ അനുവദിച്ചത്! സ്കൂൾ തലത്തിൽ നിന്നും കോളേജ് തലത്തിലേക്ക് ഇത്തരം സ്ഥാപനങ്ങളെ കൊണ്ടുവരാനുള്ള സർക്കാർ ശ്രമത്തെ ഫലപ്രദമായി എതിർത്ത് തോല്പിച്ച സംഘടനയാണ് എ കെ പി സി ടി എ.

സർക്കാരിന്റെ വമ്പിച്ച സ്വത്തിനെ സ്വന്തം പേരിലാക്കി അഴിമതി സ്ഥാപനവൽക്കരിക്കുകയും ലക്ഷക്കണക്കിന് രൂപ നല്കാൻ കഴിവുള്ളവർക്കു മാത്രമായി സീററുകൾ മാററിവയ്ക്കുകയും ചെയ്ത പരിയാരം മെഡിക്കൽ കോളേജിന്റെ തുടക്കം കേരള ചരിത്രത്തിലെ ഒരു കറുത്ത ഏടാണ്. പരിയാരം മെഡിക്കൽ കോളേജുൾപ്പെടെയുള്ള അൺഎയിഡഡ് സ്വാശ്രയ കോളേജുകൾക്കെതിരായ സമരത്തിൽ നമ്മുടെ എത്രയോ അദ്ധ്യാപകർ ക്രൂരമർദ്ദ

നത്തിന് വിധേയരായി ; എത്രയോ അധ്യാപകരും വിദ്യാർത്ഥികളും തല്ലി ചതയ്ക്കപ്പെട്ടു. കൂത്തുപറമ്പിൽ അഞ്ച് യുവാക്കളെ വെടിവെച്ചു കൊന്നില്ലേ? എന്നിട്ടും നമ്മുടെ സമരം തോറ്റില്ല ! 'ഇന്ന്' പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഉടമയിലാണ്. ഇടതുപക്ഷ സർക്കാറിന്റെ ഏറ്റവും നല്ല തീരുമാനങ്ങളിലൊന്നായി ജനങ്ങളിതിനെ കാണുന്നു.

ഇക്കാലം നമുക്കുണ്ടായ മറ്റൊരു നേട്ടമാണ് മലബാർ സർവകലാശാലയുമായി ബന്ധപ്പെട്ടുണ്ടായത്. മലബാർ സർവകലാശാല ബില്ലിലെ ജനാധിപത്യവിരുദ്ധ-അദ്ധ്യാപക വിരുദ്ധവകുപ്പുകൾക്കെതിരെ ഏകാംഗ പട്ടാളത്തെപ്പോലെയാണ് എ കെ പി സി ടി എ പൊരുതിയത്. കണ്ണൂർ സർവകലാശാലാ നിയമത്തിൽ സെനറ്റിന് പരമാധികാരം നല്കിയതും സെനറ്റും അക്കാദമിക് കൗൺസിലും തെരഞ്ഞെടുക്കപ്പെടുന്ന സമിതികളാക്കിയതും അൺഎയിഡഡ് സ്ഥാപനങ്ങളെ ഒഴിവാക്കിയതും സ്വകാര്യകോളേജ് അദ്ധ്യാപകർക്ക് സർവകലാശാലാ സമിതികളിൽ മതിയായ പ്രാതിനിധ്യം നല്കിയതും മറ്റും നമ്മുടെ ശ്രമഫലമാണ് എന്ന് എടുത്ത് പറയാൻ ചാരിതാർത്ഥ്യമുണ്ട്.

ആട്ടോണമസ് കോളേജുകളെ സംബന്ധിച്ചുള്ള നമ്മുടെനിലപാട് സുവിദിതമാണല്ലോ. കഴിഞ്ഞ ദിവസം ചേർന്ന പ്രിൻസിപ്പൽമാരുടെ സമ്മേളനത്തിൽ മന്ത്രി പ്രസ്താവിച്ചിരിക്കുന്നു: ''കേരളത്തിൽ ഇക്കൊല്ലം ആട്ടോണമസ് കോളേജുകൾ അനുവദിക്കുകയില്ല.''

പ്രീഡിഗ്രി പുന:സംഘാടനം എങ്ങനെയാകാമെന്നതിനെ പറ്റി വർഷങ്ങൾക്കു മുൻപേ നാം അഭിപ്രായപ്പെട്ടിരുന്നു. താത്വികമായും പ്രായോഗികമായും ഇക്കാര്യത്തിൽ ഉറച്ച നിലപാട് എ കെ പി സി ടിഎയ്ക്കുണ്ടായിരുന്നു. പെട്ടെന്നൊരു വെട്ടിമുറിയ്ക്കലല്ലാ വേണ്ടതെന്നും തുടക്കം മുതൽ തന്നെ സംഘടന വാദിച്ചിരുന്നു. അതോടൊപ്പം തന്നെ കോളേജിലുള്ള മുഴുവൻ അദ്ധ്യാപകരെയും കോളേജധ്യാപകരായി നിലനില്ക്കാൻ അനുവദിക്കണമെന്നും നാം ആവശ്യപ്പെട്ടിരുന്നു. നീണ്ടുനിന്ന പണിമുടക്കു സമരം, നിരാഹാര സമരം തുടങ്ങി എത്രയോ സമരങ്ങൾ ! എത്രയോ പഠനങ്ങൾ, സെമിനാറുകൾ ! എം. എൽ. എ. മാരേയും മന്ത്രിമാരേയും രാഷ്ട്രീയ നേതാക്കളെയും ബോധ്യപ്പെടുത്താനുള്ള ശ്രമങ്ങൾ ! നമ്മുടെ നിലപാടുകൾ പൊതുവെ സ്വീകരിക്കപ്പെട്ടിരിക്കുന്നു. ഘട്ടംഘട്ടമായ പുനഃസംഘാടനം സർക്കാർ അംഗീകരിക്കുകയും കോളേജുകളിൽ തന്നെ അദ്ധ്യാപകരെ സംരക്ഷിക്കുമെന്ന് പറയുന്നുണ്ടെങ്കിലും വിശദാംശങ്ങൾ ഇനിയും വരാനിരിക്കുന്നതേയുള്ളൂ. നാം വളരെ ജാഗ്രതയോടെ ഇടപെടേണ്ട സമയമാണിത്.

അക്കാദമിക് രംഗത്ത് വളരെയേറെ പ്രവർത്തനം നടന്ന വർഷമാണ് കടന്നുപോകുന്നത്. കാലപ്പഴക്കം വന്ന കോഴ്സുകൾ പരിഷ്ക്കരിക്കാനും പുതിയ കോഴ്സുകൾ രൂപപ്പെടുത്തിയെടുക്കാനുമുള്ള ശ്രമങ്ങൾ നടന്നു വരുന്നു. വിദ്യാർത്ഥികളെ ആകർഷിക്കത്തക്ക കോഴ്സുകൾ നടത്തിയില്ലെങ്കിൽ കോളേജുകളിൽ പഠിക്കാൻ വിദ്യാർത്ഥികളെ കിട്ടാത്ത അവസ്ഥ സംജാതമാകുമെന്ന് നാം മനസ്സിലാക്കുന്നുണ്ട്. ഇക്കാര്യത്തിലുള്ള നമ്മുടെ പ്രവർത്തനം തീവ്രമായി മുന്നോട്ടു കൊണ്ടു പോകേണ്ടിയിരിക്കുന്നു.

കേന്ദ്രസർക്കാരിന്റെ അഞ്ചാം ശമ്പളക്കമ്മീഷൻ ശുപാർശകൾ വന്നു കഴിഞ്ഞു. രസ്തോഗി ചെയർമാനായ യുജിസി കമ്മിറ്റിയുടെ ശുപാർശകൾ ഇനിയും താമസിക്കാൻ പാടില്ല. ശുപാർശകളെപ്പറ്റി പഠിക്കാനും പ്രതികരിക്കാനും ദേശീയതലത്തിൽ അംഗീകരിക്കപ്പെടുന്ന ശമ്പളനിരക്കുകൾ കേരളത്തിൽ നേടിയെടുക്കാനും ശുഷ്ക്കാന്തിയോടെയുള്ള പ്രവർത്തനം നടത്തേണ്ടിയിരിക്കുന്നു. കേന്ദ്രനിരക്കിൽ തന്നെ ക്ഷാമബത്തയും ഇടക്കാലാശ്വാസവും അനുവദിക്കുന്ന സംസ്ഥാന സർക്കാർ രണ്ടാം ഗഡു ഇടക്കാലാശ്വാസം അനുവദിച്ചു കഴിഞ്ഞു (ഉത്തരവ് അന്യത്ര). കുടിശിഖയുള്ള ഇടക്കാലാശ്വാസവും ക്ഷാമബത്തയും അനുവദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു- അതോടൊപ്പം തന്നെ പ്രധാനമാണ് ശമ്പളം, പി. എഫ്. ലോൺ എന്നിവ ലഭിക്കുന്നതിന് വിദ്യാഭ്യാസ ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലെ കാലതാമസം ഒഴിവാക്കുക എന്നത്.

ഇവിടെ പരാമർശ വിധേയമായതും അല്ലാത്തതുമായ വിഷയങ്ങൾ മാർച്ച് 15,16 തീയതികളിൽ കണ്ണൂരിൽ നടക്കുന്ന സംസ്ഥാനസമ്മേളനത്തിൽ ഗൗരവപൂർണ്ണമായ ചർച്ചയ്ക്ക് വിധേയമാകുന്നതാണ്. സമ്മേളനത്തിന്റെ വിജയത്തിനായി ഓരോ കോളേജധ്യാപകനും മുന്നിട്ടിറങ്ങണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു'

# ജന്തുശാസ്ത്ര ഡിഗ്രികോഴ്സിന്റെ ഘടനാപരമായ മാററം

## പ്രശ്നങ്ങളും നിർദ്ദേശങ്ങളും

*ഡോ. വി. ആർ. പ്രകാശം, ഫാത്തിമമാതാ കോളേജ്, കൊല്ലം*

ശാസ്ത്രവിഷയങ്ങളിൽ ഒരു മുഖ്യപാഠ്യവിഷയമാണ് ജന്തുശാസ്ത്രം (സുവോളജി). ഭൂമിയിൽകാണുന്ന ജന്തുക്കളുടെ ഘടന, ശരീരശാസ്ത്രം, വളർച്ച, പരിണാമം തുടങ്ങിയ കാര്യങ്ങളെക്കുറിച്ചുള്ള വിശദമായ പഠനമാണ് ജന്തുശാസ്ത്രം. മനുഷ്യനെപ്പോലെ ജീവൻതുടിക്കുന്ന വിവിധയിനം ജീവികളാണ് ഇവയെന്നതുകൊണ്ടും മനുഷ്യജീവിതവുമായി പല വിധത്തിലും ഇവബന്ധപ്പെട്ടിരിക്കുന്നതുകൊണ്ടും ജന്തുശാസ്ത്രപഠനം വളരെ പ്രാധാന്യമർഹിക്കുന്നു. മനുഷ്യൻതന്നെ ജന്തുക്കളിൽ നിന്ന് പരിണമിച്ച് ഉണ്ടായതാണെന്നാണ് ശാസ്ത്രമതം. മനുഷ്യന് അവനെത്തന്നെ മനസ്സിലാക്കാൻ കൂടുതൽ സഹായിച്ചിട്ടുള്ളത് ജന്തുക്കളിൽ നടത്തിയിട്ടുള്ള പരീക്ഷണനിരീക്ഷണങ്ങളാണ്.

ജീവശാസ്ത്രപഠനം സ്കൂൾതലത്തിൽ നിന്നു തുടങ്ങുമെങ്കിലും പ്ലസ് ടു അഥവാ പ്രീഡിഗ്രിതലത്തിൽ എത്തുമ്പോഴാണ് ജന്തുശാസ്ത്രമെന്നപേരിൽ പഠിക്കാൻതുടങ്ങുന്നത്. വളരെ പ്രാഥമികമായ കാര്യങ്ങൾ മാത്രമാണ് ഈ ഘട്ടത്തിൽ പഠിക്കുന്നത്. അഭിരുചിയുള്ള കുട്ടികൾ തുടർന്ന് ഡിഗ്രിതലത്തിൽ ഈ വിഷയം ഐഛികവിഷയമായി എടുത്ത് പഠിക്കുന്നു.

ചരിത്രപരമായി നോക്കിയാൽ മദിരാശി സർവകലാശാലയോട് അഫിലിയേററ് ചെയ്തിരുന്ന തിരുവിതാംകൂർ സംസ്ഥാനത്തെ 10 കോളേജുകൾ ചേർത്തുകൊണ്ടാണ് തിരുവനന്തപുരത്ത് 1937-ൽ ട്രാവൻകൂർ യൂണിവേഴ്സിററി സ്ഥാപിതമായത്. ഇതിൽ ചില കോളേജുകളിൽ B. Sc. സുവോളജി കോഴ്സ് നടത്തിയിരുന്നു. 1957-ൽ ട്രാവൻകൂർ യൂണിവേഴ്സിററിയെ കേരളാ യൂണിവേഴ്സിററിയായി നാമകരണംചെയ്തു. ഇപ്പോഴത്തെ കേരളാ യൂണിവേഴ്സിററിയോട് അഫിലിയേററ് ചെയ്തിട്ടുള്ള മുപ്പതു കോളേജുകളിൽ B. Sc. സുവോളജി കോഴ്സ് നടന്നുവരുന്നു. സംസ്ഥാനത്തെ മററ് സർവകലാശാലകളിലും ഏതാണ്ട് ഇതേ കണക്കിന് ഈ കോഴ്സ് ഉണ്ടെന്നാണ് പ്രതീക്ഷ.

കേരളാ യൂണിവേഴ്സിററി നിലവിൽ വന്നതിനുശേഷം ഈ വിഷയത്തിന്റെ പാഠ്യക്രമത്തിൽ പ്രാധാന്യം നൽകിയിരുന്നത് Non-chordata, Chordata, Systematics, Comparative anatomy, Embryology, Evolution, Zoogeography തുടങ്ങിയപേപ്പറുകൾക്കാണ്. ജന്തുക്കളുടെ ഫാമിലിവരെയുള്ള വർഗീകരണം വളരെ വിശദമായിതന്നെ സിലബസിൽ ഉൾപ്പെടുത്തിയിരുന്നു. അതുകൊണ്ടുതന്നെ ഈ കോഴ്സ് കഴിഞ്ഞവർക്ക് ചുററുപാടും കാണുന്ന മിക്കവാറും എല്ലാ ജന്തുക്കളേയും തിരിച്ചറിയാൻ സാധിക്കുമായിരുന്നു. സയൻസ് വിഷയമായതുകൊണ്ട് കോഴ്സിന്റെ ഭാഗമായി പ്രാക്ടിക്കലും ഉണ്ടായിരുന്നു. പ്രാക്ടിക്കലിന് dissections ഉം spotters ഉം Osteology ഉം ഒക്കെയാണ് കൂടുതലായി ഉൾപ്പെടുത്തിയിരുന്നത്. കൂടാതെ ചില Embryology പരീക്ഷണങ്ങളും. ഇന്നത്തെ Experimental embryology അന്ന് ഇല്ലായിരുന്നു.

യൂണിവേഴ്സിററിയുടെ അക്കാദമിക് സമിതികളായ ബോർഡ് ഓഫ് സ്ററഡീസും ഫാക്കൽടിയും അക്കാദമിക് കൗൺസിലുമാണ് ഓരോ വിഷയത്തിന്റെയും സിലബസിന് രൂപം നൽകുന്നതും തുടർന്ന് കാലാകാലങ്ങളിൽ പരിഷ്ക്കരിക്കുന്നതും. അങ്ങനെ നാലഞ്ചുവർഷങ്ങൾ കൂടുമ്പോൾ ഈ സമിതികൾ സിലബസ് പരിഷ്ക്കരണം നടത്തിപ്പോന്നിട്ടുണ്ട്. 1966-67 അധ്യയനവർഷത്തിൽ B. Sc. സുവോളജി കോഴ്സിന്റെ സിലബസിന് വലിയ മാററങ്ങൾ വരുത്തി. ഇത് Special B. Sc. എന്ന ഒരു ത്രിവത്സര കോഴ്സ് സമാന്തരമായി തുടങ്ങിക്കൊണ്ടായിരുന്നു. Physiology, Cytogenetics, Ecology തുടങ്ങിയ പേപ്പറുകൾ കൂടുതലായി ചേർത്തു. ഭാഷാപഠനത്തിന് പ്രാധാന്യം കുറച്ചു. ഇംഗ്ലീഷ്ഭാഷ ആദ്യത്തെ ഒരു വർഷത്തേക്ക് മാത്രമായി ചുരുക്കി. രണ്ടാംഭാഷ വേണ്ടെന്നുവച്ചു. മൂന്നാമതൊരു സബ്സിഡിയറിയും (History of Science and Scietific methods) കൂട്ടത്തിൽ ചേർത്തു. പിന്നീട് Spl. B. Sc. കോഴ്സ് നിറുത്തൽചെയ്തുവെങ്കിലും നിലവിലുണ്ടായിരുന്ന B. Sc. കോഴ്സിന് ഒരു പുതിയ ജീവൻ നൽകാൻ ഇത് ഉപകരിച്ചു. അങ്ങനെ B. Sc. കോഴ്സ് Non-chordata, Chordata, Physiology, Cytology, Genetics, Embryology, Ecology, Evolution, Zoogoeraphy തുടങ്ങിയ പേപ്പറുകൾ ചേർത്ത് പരിഷ്ക്കരിച്ചു. പുതിയ പേപ്പറുകൾക്ക് അനുയോജ്യമായ ചില പരീക്ഷണങ്ങളും കൂട്ടിച്ചേർത്തു.

1968-ൽ കാലിക്കട്ട് സർവകലാശാലയും 1938-ൽ മഹാത്മാഗാന്ധി സർവകലാശാലയും ഈയിടെ കണ്ണൂർ സർവകലാശാലയും നിലവിൽ വന്നു, ഇതുവരെയുള്ള കാലയളവിൽ അതാത് യൂണിവേഴ്സിററികൾ പല പ്രാവശ്യം സിലബസ് പരിഷ്ക്കരണം നടത്തി.

## സിലബസ് പരിഷ്ക്കരണത്തിലെ വൈകല്യങ്ങൾ

ഒരു സിലബസ് പരിഷ്ക്കരണത്തിന്റെ ഉത്തരവാദിത്തം പ്രധാനമായും ബോർഡ് ഓഫ് സ്ററഡീസിൽ നിക്ഷിപ്തമാണ്. കോളേജുകളിൽനിന്നും നോമിനേററ് ചെയ്യപ്പെടുന്ന ഏതാനും ജന്തുശാസ്ത്ര അദ്ധ്യാപകർ ഉൾക്കൊള്ളുന്നതാണ് ബോർഡ് ഓഫ് സ്ററഡീസ്. സിൻഡിക്കേററാണ് നോമിനേഷൻനടത്തുന്നത്. നിർഭാഗ്യവശാൽ ബോർഡിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവരിൽ ഭൂരിഭാഗം പേരും ഉയർന്ന യോഗ്യതയും കഴിവുംഉള്ളവരല്ല ഇതുമൂലം ബോർഡിന്റെ പ്രവർത്തനം പ്രതീക്ഷക്കൊത്തു ഉയരാറില്ല. ചില പേപ്പറുകളുടെ പരിഷ്ക്കരണ ചുമതല ചില അംഗങ്ങൾ ഏറെറടുക്കുകയുംഅവർ തയ്യാറാക്കുന്ന സിലബസ് വലിയ മാററമൊന്നും കൂടാതെ ബോർഡ് അംഗീകരിച്ച് ഒരു യൂണിവേഴ്സിററിയുടെ സിലബസായി മാറുകയും ചെയ്യുന്നു. പ്രസ്തുത യൂണിവേഴ്സിററിയുടെ ടീച്ചിംഗ് സമൂഹത്തിന് ഇക്കാര്യത്തിൽ കൂട്ടായ പങ്കൊന്നും വഹിക്കാൻ ഇതുകൊണ്ട് സാധിക്കുന്നില്ല. അതുകൊണ്ട് സിലബസ് കുററമററതാക്കണമെങ്കിൽ എല്ലാവരുടേയും പങ്കാളിത്തം ഉണ്ടാകാനുള്ള സംവിധാനം നിലവിൽ വരണം.

വിജ്ഞാന സ്ഫോടനത്തിന്റെ ഈ കാലഘട്ടത്തിൽ സിലബസിന് കാലാനുസൃതമായ മാററം ഉണ്ടാകണമെന്നതാണ് ഉദ്ദേശമെങ്കിലും ഫലത്തിൽ ഇത് സംഭവിക്കാറില്ല. ചില വെട്ടിചുരുക്കലും കൂട്ടിചേർക്കലും തിരിമറികളും മാത്രമായി സിലബസ് പരിഷ്ക്കരണം ഒതുങ്ങി നില്ക്കുന്നു. ബന്ധപ്പെട്ട വിഷയത്തിലുണ്ടായിട്ടുള്ള ആധുനിക അറിവുകൾ ഉൾപ്പെടുത്തണമെങ്കിൽ ബോർഡംഗത്തിന് ഇതേപ്പററി അറിവു വേണം. അറിവ് ഉണ്ടാകുന്നത് പുസ്തകവും ജേർണലുകളും വായിച്ചാണ്. ഇതിന് ഇത്തരം ഗ്രന്ഥങ്ങൾ ലഭ്യമാകണം. സിലബസ് പരിഷ്കർത്താവിന് മാത്രം ലഭ്യമായാൽ പോരാ അംഗീകരിച്ച സിലബസായിമാറി കഴിഞ്ഞാൽ കോളേജ് ലൈബ്രറികൾക്ക് കൂടി ഇവ ലഭ്യമാകണം. ഇപ്പോൾ സംഭവിക്കുന്നത് ലഭ്യമായ ഏതെങ്കിലും പുതിയ വിദേശഗ്രന്ഥത്തിലെ ചാപ്ടറുകൾ എടുത്ത് സിലബസിലെ ടൈററിലുകളാക്കി മാററുകയാണ്. ഇതിൽനിന്ന് വിഭിന്നമായി ആധുനിക വിജ്ഞാന ശകലങ്ങൾ കൂടുതലായി കൂട്ടിച്ചേർക്കാനിടയായി എന്നിരിക്കട്ടെ. എതിർപ്പുകളുടെ തുടക്കമായി. പഠിപ്പിക്കാനുള്ള ബുദ്ധിമുട്ടുകൊണ്ട് അവ എങ്ങനെയെങ്കിലും ഒഴിവാക്കാനുള്ള സമ്മർദ്ദം ചില കോണുകളിൽ നിന്നും തുടങ്ങുകയും അക്കാര്യത്തിൽ വിജയം കൈവരിക്കുകയും ചെയ്യുന്നു. ഇത് സാദ്ധ്യമായില്ലെങ്കിൽ

പഠിപ്പിക്കാതെ ഇവ ഒഴിവാക്കപ്പെടുന്നു. അങ്ങനെ ഫലത്തിൽ സിലബസ് പഴയതുപോലെ തന്നെ നിലനില്ക്കുന്നു.

## പ്രാക്ടിക്കൽ സിലബസ് അപര്യാപ്തം

പ്രാക്ടിക്കൽ സിലബസിന്റെ കാര്യമെടുത്താൽ സംഗതി ഇതിനേക്കാം പരിതാപകരമാണ്. മൂന്നിൽ രണ്ട് ഭാഗവും Non-Chordata, Chordata വിഷയങ്ങളെ ആസ്പദമാക്കിയുള്ളവയാണ്. ജന്തുക്കളുടെ ആന്തരിക അവയവങ്ങളെ വേർതിരിച്ച് മനസ്സിലാക്കാനുതകുന്ന dissections ആണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജന്തുക്കളെ സംബന്ധിച്ച ഏതാണ്ട് 10 സിസ്റ്റത്തിന്റെ തിയറി വളരെ വിശദമായി പഠിക്കാനുണ്ടെങ്കിലും dissections മിക്കവാറും രണ്ടോ മൂന്നോ സിസ്റ്റത്തെ മാത്രം ബന്ധപ്പെടുത്തിയായിരിക്കും. ഉദാഹരണത്തിന് Chordata പ്രാക്ടിക്കൽ എടുത്താൽ Nervous system പഠിക്കുന്നതിനാണ് കൂടുതൽ ഊന്നൽ (Brain, cranial and spinal nerves). തവളയുടേയും സ്രാവിന്റേയും സകല cranial nerves ഉം ഡിസക്ട് ചെയ്തു കുട്ടികളുടെ എത്ര വിലപ്പെട്ട സമയമാണ് അപഹരിക്കപ്പെടുന്നത്. Nervous system-ൽ സ്പെഷ്യലൈസ് ചെയ്യുന്നതാണോ പ്രസ്തുത കോഴ്സ് എന്ന് തോന്നിപ്പോകുന്നതിൽ തെററില്ല. മററ് സിസ്ററത്തിലേക്ക് ഒന്ന് കണ്ണോടിക്കാൻ കുട്ടികൾക്ക് സിലബസിലൂടെ അവസരം കിട്ടുന്നതേയില്ല. ഇതിനൊക്കെ തടസം പ്രധാനമായും അദ്ധ്യാപകർ തന്നെയാണ്. പതിററാണ്ടുകളായി കാര്യമായ മാററങ്ങളൊന്നും കൂടാതെ നടത്തപ്പെടുന്ന ഈ കോഴ്സ്പാസായി വന്നിട്ടുള്ളവരാണ് നമ്മുടെ അദ്ധ്യാപകർ. അവർക്ക് അറിയാവുന്നതാവണമല്ലോ സിലബസിലെ പ്രാക്ടിക്കലുകൾ. എന്നാൽ 1997-അഡ്മിഷൻ മുതലുള്ള കേരളാ യൂണിവേഴ്സിററിയുടെ Non-Chordata പ്രാക്ടിക്കൽ സിലബസ് ഇതിനൊരപവാദമാണെന്ന് സമ്മതിക്കുന്നു.

മധുരൈ (Madurai) ആസ്ഥാനമായി പ്രവർത്തിക്കുന്ന ബയോളജിക്കൽ കരിക്കുലം ഡവലപ്പ്മെൻറ് സെൻറർ (B.C.D.C) തയ്യാറാക്കിയിട്ടുള്ളതും തുടർന്ന് യു. ജി. സി. അംഗീകരിച്ചതുമായ ഉയർന്ന നിലവാരം പുലർത്തുന്ന ഒരു സിലബസ് കേരളാ യൂണിവേഴ്സിററിയിൽ നടപ്പാക്കുന്നതിനെപ്പററി ചർച്ച നടത്തിയതാണ്. എന്നാൽ ഇത് ഇവിടെ അപ്പാടെ സ്വീകരിക്കാനായില്ല. പല തടസ്സങ്ങളും ഇതിന് കാരണമായി. ആവശ്യമായ പുസ്തകങ്ങളില്ല. പ്രാക്ടിക്കൽ നടത്താനുള്ള സൗകര്യങ്ങളുമില്ല. പ്രത്യേകിച്ച് ഡിഗ്രിമാത്രമുള്ളകോളേജുകളിൽ ഒരു പുതിയ കോഴ്സിനുവേണ്ടി അപേക്ഷിക്കുമ്പോൾ മാനേജുമെൻറുകൾ കാണിക്കുന്ന താല്പര്യം പിൽക്കാലങ്ങളിൽ സൗകര്യം വർദ്ധിപ്പിക്കേണ്ടിവരുന്ന സാഹചര്യത്തിൽ പ്രകടിപ്പിക്കുന്നില്ലയെന്നത് ദൗർഭാഗ്യകരമാണ്. കോളേജുകളിൽ കോഴ്സ് തുടങ്ങുന്നതിന് അനുവാദം നൽകിയ യൂണിവേഴ്സിററിതന്നെ കാലാകാലങ്ങളിൽ റിവ്യു നടത്തി വേണ്ട നടപടികൾ കൈക്കൊള്ളുകയാണ് ഇതിനൊരു പോംവഴി. അധ്യാപകർ പലരും സജ്ജരല്ലയെന്നത് മറെറാരു ദൗർബല്യമാണ്. അങ്ങനെ ആ സില

## കല്ലിക്കണ്ടി എൻ. എ. എം. കോളേജ് ബ്രാഞ്ച് ഉദ്ഘാടനംചെയ്തു

കണ്ണൂർ ജില്ലയിലെ കല്ലിക്കണ്ടി NAM College-ൽ A.K.P.C.T.A. ബ്രാഞ്ച് രൂപീകരിച്ചു. ജില്ലാ പ്രസിഡൻറ് പ്രൊഫ. ദാമോദരൻ ഉദ്ഘാടനകർമ്മം നിർവഹിച്ചു. ജില്ലാസെക്രട്ടറി എ.പി. കുട്ടികൃഷ്ണൻ, ടി. ശശിധരൻ എന്നിവർ പുതിയ അംഗങ്ങളെ അഭിവാദ്യം ചെയ്തു സംസാരിച്ചു.

ബ്രാഞ്ച് ഭാരവാഹികളായി എം. കെ. മധുസൂദനൻ (പ്രസിഡൻറ്) സി. കെ. മിനി (വൈസ് പ്രസിഡൻറ്) കെ. കെ. മുസ്തഫ (സിക്രട്ടറി) സി. വി. അബ്ദുൾ ഗഫൂർ (ജോ: സിക്രട്ടറി) എം. പി. യൂസഫ് (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

ബസ് വളരെയധികം ട്രിം ചെയ്തതിനുശേഷമാണ് അംഗീകരിക്കാമെന്നായത്. 1997 മാർച്ചിലാണ് ഈ കോഴ്സിന്റെ ആദ്യബാച്ച് പഠനം പൂർത്തിയാക്കുന്നത്.

## സ്റ്റഡി ടൂർ

തിയററ്റിക്കൽ ആയിട്ടുള്ള അറിവിനെ കൂടുതൽ ഫലവത്താക്കാൻ വേണ്ടിയാണ് പ്രാക്ടിക്കൽ കൂടി ചെയ്യുന്നത്. ഇതും കൂടാതെ ക്ലാസ് മുറികളിൽ നിന്ന് പ്രകൃതിയിലേക്ക് ഇറങ്ങിച്ചെന്ന് ജന്തുക്കളെക്കുറിച്ച് പഠനം നടത്തുന്നതിനും മററും വേണ്ടിയാണ് ഒരാഴ്ചയോളം നീണ്ടു നില്ക്കുന്ന സ്റ്റഡി ടൂർ സിലബസിന്റെ ഭാഗമായി ഉൾക്കൊള്ളിച്ചിട്ടുള്ളത്. എന്നാൽ സ്റ്റഡി ടൂറിന്റെ പേരിൽ കന്യാകുമാരി, മധുര, ബാംഗളൂർ, മൈസൂർ, ഊട്ടി, കോടയ്കനാൽ, മലമ്പുഴ തുടങ്ങിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ സന്ദർശിച്ച് മടങ്ങുന്ന ഒരു പരിപാടിയായിട്ടാണ് ഇത് നടക്കുന്നത്. ഇതിന്റെ ഗതി തീരുമാനിക്കുന്നത് മിക്കവാറും പ്രാദേശികമായിട്ടുള്ള ടൂറിസ്റ്റ് ബസ് ഉടമകളാണ്. ഈ അവസ്ഥ മാറണം. ടൂറിലൂടെ പഠനം നടക്കുക തന്നെ വേണം.

## ടെക്സ്റ്റ് പുസ്തകങ്ങളുടെ കുറവ്

കേരള യൂണിവേഴ്സിററി നിലവിൽ വന്നിട്ട് ഏതാണ്ട് 40 വർഷം പിന്നിട്ടിരിക്കുന്നു. സിലബസിലെ ചില പേപ്പറുകളെ അടിസ്ഥാനപ്പെടുത്തി കച്ചവട മനോഭാവത്തോടെ ചില വ്യക്തികളുടെ പേരിൽ ''അച്ചടിപ്പിശകു'കളോടെ ചില ഗൈഡുകൾ പുറത്തിറങ്ങിയിട്ടുള്ളതൊഴിച്ചാൽ ഇന്നുവരെ കേരളീയരായ ജന്തുശാസ്ത്ര അദ്ധ്യാപകർക്ക് കേരളത്തിലെ ജന്തുക്കളെ കുറിച്ചും പുതിയ അറിവുകൾ ഉൾക്കൊള്ളിച്ചു കൊണ്ടും കോഴ്സിന് സഹായകരമായ ആധികാരിക ഗ്രന്ഥങ്ങൾ പുറത്തിറക്കാൻ സാധിച്ചിട്ടില്ല. അത്തരം ഗ്രന്ഥങ്ങൾ ഉണ്ടായിരുന്നുവെങ്കിൽ അവയുടെ അടിസ്ഥാനത്തിൽ സിലബസ് രൂപാന്തരപ്പെടുത്താമായിരുന്നു. തമിഴ്നാട്ടുകാരായ അയ്യരും അനന്തകൃഷ്ണനും വടക്കേ ഇന്ത്യക്കാരായ ചിലരും എഴുതിയിട്ടുള്ള പുസ്തകങ്ങളാണ് പഠിക്കാനും പഠിപ്പിക്കാനും മാർക്കററിൽ ലഭ്യമായിട്ടുള്ളത്. വിവിധ വിഷയങ്ങളിൽ ലഭ്യമാകുന്ന ആധുനിക അറിവുകൾ കൂട്ടിച്ചേർത്ത് ടെക്സ്ററ് ബുക്കുകളായി ഒററക്കോ കൂട്ടായോ പ്രസിദ്ധീകരിച്ച് അംഗീകാരം നേടാനുള്ള ഒരു യജ്ഞമാണ് ഇതിനൊരു പരിഹാരം.

## ബോധന രീതി

നമ്മുടെ ബോധന സമ്പ്രദായം ഇപ്പോഴും ബ്ലാക്ക് ബോർഡിലും ചോക്കിലും തന്നെ ഒതുങ്ങി നില്ക്കുകയാണ്. നിർജീവമായ ചാർട്ടും മോഡലും ഫോർമലിനിൽ മരവിപ്പിച്ച സ്പെസിമനും സഹായത്തിനുണ്ട്. എങ്കിലും ക്ലാസുകളെ ആകർഷകമാക്കുന്ന സ്ലൈഡ്, ഫിലിം, വീഡിയോ ടേപ്പ്, ടി. വി., കംപ്യൂട്ടർ തുടങ്ങിയവ സാധാരണമെങ്കിലും ക്ലാസ് മുറികളിലെത്തിയിട്ടില്ല.

## പരീക്ഷാസമ്പ്രദായം

വർഷാവസാന പരീക്ഷ ഒന്ന് കൊണ്ട് മാത്രം വിദ്യാർത്ഥികളെ വിലയിരുത്തുന്നത് ശരിയായ സമീപനമല്ല. വർഷത്തിൽ ചുരുങ്ങിയത് മൂന്ന് പ്രാവശ്യമെങ്കിലും കോളേജ് തലത്തിലോ യൂണിവേഴ്സിററി തലത്തിലോ പരീക്ഷ നടത്തി കുട്ടികളെ വിലയിരുത്തണം. ഇതിനായി ഒരു പരീക്ഷാ കലണ്ടർ തന്നെ യൂണിവേഴ്സിററി തയ്യാറാക്കണം.

## ഇപ്പോൾ ഉയർന്നിട്ടുള്ള പ്രശ്നങ്ങൾ

ജന്തുശാസ്ത്രം പഠിക്കാൻ എത്തുന്നവർ പൊതുവെ കുറവ്, അവരിൽ തന്നെ ഭൂരിഭാഗവും പെൺകുട്ടികൾ. കോഴ്സ് ആകർഷണീയമല്ലയെന്നൊരു ഭാഷ്യം. 1950 കളിലെ സിലബസ് വെച്ചുനോക്കുമ്പോൾ നവീകരണം അവകാശപ്പെടാമെങ്കിലും ഇപ്പോഴത്തേത് പഴഞ്ചനാണെന്ന് മറെറാരു പരാതി. പഴയ പ്രൊഫസർമാർ അഭിപ്രായപ്പെടുന്നത് ചുററുപാടുമുള്ള ജന്തുക്കളെപ്പോലും തിരിച്ചറിയാൻ ഉപകരിക്കാത്തതാണ് ഇപ്പോഴത്തെ സിലബസ് എന്നാണ്. ഇതും കൂടാതെ കോഴ്സ് തൊഴിലധിഷ്ഠിതമല്ലയെന്ന് മറെറാരു വ്യാഖ്യാനവും. ഇതിനൊക്കെ പരിഹാരം കാണേണ്ടത് മുമ്പ് സൂചിപ്പിച്ച പല പരിമിതികൾക്കും പുറമെ മാററങ്ങൾ ഉൾക്കൊള്ളാൻ മടിച്ചു നില്ക്കുന്ന ഒരു അക്കാഡമിക് സമൂഹത്തിന്റെ നടുവിൽ നിന്നുകൊണ്ടാണ്.

## വൈവിദ്ധ്യമാർന്ന കോഴ്സുകൾ ലഭ്യമാക്കണം.

ഓരോ ശാഖയിലും ഉണ്ടായിട്ടുള്ള പുതിയ അറിവ് കോഴ്സിന്റെ ഉള്ളടക്കത്തിൽ കൂട്ടിച്ചേർത്തുകൊണ്ടും പ്രാക്ടിക്കൽ സിലബസ് കൂടുതൽവിപുലീകരിച്ചുംന്യൂനതകൾ പരിഹരിച്ചും ഇപ്പോൾ നിലവിലിരിക്കുന്ന കോഴ്സ് അതേപടി നിലനിർത്താവുന്നതാണ്. എന്നാൽ പരിഗണിക്കപ്പെടേണ്ട ഒരു ചോദ്യമുണ്ട്. നമ്മുടെ സംസ്ഥാനത്തെ എല്ലാ കോളേജുകളിലും വള്ളി പുള്ളി വ്യത്യാസമില്ലാത്ത ഒരു സിലബസിനെ മാത്രം ആധാരമാക്കിയുള്ള ഒരു കോഴ്സ് എന്തിനാണ്? വിവിധ തരം കോഴ്സുകൾ കോളേജുകളിൽ ലഭ്യമാക്കിക്കൂടേ ? വൈവിധ്യമാർന്ന കോഴ്സുകൾ സംസ്ഥാനത്തെ വിവിധ കോളേജുകളിൽ ഉണ്ടാവുന്നത് കുട്ടികൾക്ക് ഇഷ്ടപ്പെട്ടത് തിരഞ്ഞെടുക്കാനുള്ള ഒരവസരമാകും. ഉദാഹരണത്തിന് B. Sc. Zoology - Chordata and allied subjects, B. Sc. Zoology - Non chordata and allied subjects, B.Sc. Zoology - Animal Physiology and allied subjects, B. Sc. Zoology, Animal development and allied subjects, B. Sc. Zoology - Environmental Biology and allied subjects, B. Sc. Zoology - Fishery Biology and allied subjects തുടങ്ങിയ കോഴ്സുകൾ ഉണ്ടാവണം. ആവശ്യമായ സബ്സിഡിയറി വിഷയങ്ങളും ഭാഷാപഠനങ്ങളും കൂട്ടത്തിൽ ചേർക്കണം. ഇവയൊക്കെ തത്തുല്യമായ കോഴ്സുകളായി അംഗീകരിക്കപ്പെടുകയും വേണം. അങ്ങനെ വരുമ്പോൾ ഈ വിഷയങ്ങൾ ആഴത്തിൽ പഠിക്കാൻ അവസരം ലഭിക്കും. ബേസിക് ഡിഗ്രികൊണ്ട് വിദ്യാഭ്യാസം അവസാനിപ്പിക്കുന്നവർക്ക് ഇത് ദോഷംചെയ്യുകയില്ല. തുടർന്ന് പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് പ്രസ്തുത വിഷയത്തിൽ M. Sc. കോഴ്സുകൾകൂടി ലഭ്യമാക്കുകയും വേണം. ഉദാഹരണത്തിന് M. Sc. Zoology - Non chordata (Specialization), M. Sc. Zoology (chordata), M. Sc. Zoology (Developmental Biology) തുടങ്ങിയവ. ഇപ്പോൾതന്നെ M. Sc. Zoology തലത്തിൽ Environmental Biology, Fishery Biology, Animal Physiology തുടങ്ങിയ സ്പെഷ്യലൈസേഷൻ കോഴ്സുകൾ നിലവിലുണ്ട്. ഇതോടെ ജന്തുശാസ്ത്രത്തിന്റെ വിവിധ വിഷയങ്ങളിൽ അഗാധ പാണ്ഡിത്യമുള്ളവരെ ലഭ്യമാവുകയും പഴയ പ്രൊഫസർമാരുടെ പരാതിക്ക് ഒരു പരിഹാരം ആവുകയുംചെയ്യും.

## തൊഴിലധിഷ്ഠിത കോഴ്സുകൾ

മിക്ക കുട്ടികളും ഡിഗ്രികോഴ്സിനു ശേഷം വിദ്യാഭ്യാസം അവസാനിപ്പിക്കുന്നതുകൊണ്ട് തൊഴിൽ കണ്ടെത്തുവാൻ നിലവിലുള്ള കോഴ്സ് പര്യാപ്തമാവണമെന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. ഇപ്പോഴത്തെ കോഴ്സ് തൊഴിലധിഷ്ഠിതമല്ലാത്തതുകൊണ്ടല്ലേ മറിച്ച് തൊഴിലിനുള്ള അവസരം ഇല്ലാത്തതാണ് തൊഴിൽ ലഭിക്കാത്തതിനു കാരണമെന്നത് തള്ളിക്കളയാൻ പററുന്ന അഭിപ്രായമല്ല. കഴിഞ്ഞ കാലഘട്ടങ്ങളിൽ ഇത്തരം കോഴ്സുകൾ പൂർത്തിയാക്കിയവരുടെ ഒരു സ്ഥിതിവിവരക്കണക്ക് ലഭ്യമായാലേ ഇതിന്റെ നിജസ്ഥിതി അറിയാൻ കഴിയൂ. എന്നാൽ സ്വയം തൊഴിൽ കണ്ടെത്തുവാൻ തീർച്ചയായും തൊഴിലധിഷ്ഠിതകോഴ്സുകൾതന്നെ വേണം. നിലവിലുള്ള കോഴ്സിനോട് തൊഴിലുമായി ബന്ധപ്പെട്ട ഏതെങ്കിലും പേപ്പറുകൾ കൂട്ടിച്ചേർത്തതുകൊണ്ട് പ്രശ്നത്തിന് ഒരു പരിഹാരമാകുന്നില്ല. ഉദ്ദേശിക്കുന്ന ഫലം ഇതുകൊണ്ട് ലഭിക്കുകയില്ല. ഇതിനായി പ്രത്യേക കോഴ്സുകൾതന്നെ തുടങ്ങണം. ഉദാഹരണത്തിന് B. Sc. (Biological techniques), B. Sc. (Taxidermy and museum management), B.Sc. (Zoo management), B. Sc. (Animal Park management), B. Sc. (Pet animals and their maintenance), B. Sc. (Forestry), B. Sc. (Aquaculture), B.Sc. (Sericulture), B.Sc (Fish processing and preservation) തുടങ്ങിയവ. ഇതിന്റെയൊക്കെ കൂട്ടത്തിൽ മററ് അനുബന്ധ വിഷയങ്ങളും ഭാഷാപഠനവും ആവാം. ഇത്തരം കോഴ്സുകൾ ഡിഗ്രിതലത്തിൽതന്നെ അവസാനിക്കുകയുംവേണം.

## പൊതുവിജ്ഞാനം പഠിപ്പിക്കണം

മനുഷ്യന്റെ യഥാർത്ഥ ജീവിതവുമായി ബന്ധപ്പെട്ട് അറിഞ്ഞിരിക്കേണ്ട പല കാര്യങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പൊതുവി

ജ്ഞാനപേപ്പർ എല്ലാ ഡിഗ്രികോഴ്സുകളുടേയും ഭാഗമാകേണ്ടതാണ്. ഇതിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങൾ ഉദാഹരണത്തിന് ഇവയാണ്— പൗരന്റെ അവകാശങ്ങളും കടമകളും, സദാചാരശാസ്ത്രം, ഉപഭോക്തൃനിയമം, ഗതാഗത നിയമം, ലൈംഗിക വിദ്യാഭ്യാസം, വിവാഹം, കുടുംബാസൂത്രണം, കുഞ്ഞുങ്ങളെ വളർത്തലും പരിലാളനവും, മനുഷ്യരോഗങ്ങൾ, ഭക്ഷണരീതി, വ്യായാമം, വിദേശയാത്ര, വസ്തുഇടപാടുകൾ, ടാക്സ് നിയമങ്ങൾ, വീട് നിർമ്മാണം തുടങ്ങിയവ.

പരമ്പരാഗതമായി നടന്നുവരുന്ന കോഴ്സുകളിൽനിന്നും വിഭിന്നമായി കേരളത്തിൽ മററൊന്നും ലഭിക്കുന്നില്ല എന്നതാണ് നമ്മുടെ വലിയ ദൗർഭാഗ്യം. വൈവിദ്ധ്യമാർന്ന കോഴ്സുകളുടെ ലഭ്യതതന്നെയാണ് നമ്മുടെ ഏററവും വലിയ ആവശ്യം. മാററങ്ങളെ തുറന്ന മനസോടെ സ്വീകരിക്കാനുള്ള സന്നദ്ധത അതിന്റെ എല്ലാ അർത്ഥത്തിലും എല്ലാ ഭാഗത്തുനിന്നും ഉണ്ടായാലേ മുൻപറഞ്ഞ കോഴ്സുകളിലൂടെ ഒരു മാററം പ്രാവർത്തികമാക്കാൻ കഴിയുകയുള്ളു.

# ഇക്കണോമിക്സ് ശില്പശാല

എ. കെ. പി. സി. ടി. എ. അക്കാദമിക് കമ്മിററിയുടെ ആഭിമുഖ്യത്തിൽ ഡിഗ്രിതലത്തിൽ വിവിധ കോഴ്സുകളുടെ ഘടനയിലും ഉള്ളടക്കത്തിലും വരുത്തേണ്ട മാററങ്ങൾക്കുവേണ്ടി നടത്തുന്ന വർക്ക്ഷോപ്പുകളുടെ ഭാഗമായി ഇക്കണോമിക്സ് കോഴ്സ് പുനഃസംഘടിപ്പിക്കുന്നതിനുള്ള ശില്പശാല ആലുവ യു. സി കോളേജിൽവച്ചു നടന്നു. കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലാ രജിസ്ട്രാർ ഡോ. കെ. ജി. ബാലകൃഷ്ണൻ ഉൽഘാടനംചെയ്തു. കോഴ്സുകൾ പുനഃസംഘടിപ്പിക്കുമ്പോൾ പ്രായോഗികതയും സമൂഹത്തിനുള്ള വിഭവത്തിന്റെ ലഭ്യതയും കണക്കിലെടുക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. അടുത്ത നൂററാണ്ടിന്റെ ആവശ്യങ്ങൾകൂടി കണക്കിലെടുത്തുകൊണ്ടുകൂടിയായിരിക്കണം പുതിയ പാഠ്യപദ്ധതികൾ രൂപകല്പന ചെയ്യേണ്ടതെന്ന് ഡോ. ബാലകൃഷ്ണൻ പറഞ്ഞു. പ്രൊ ജോയ് ജോബ് കുളവേലിൽ അധ്യക്ഷതവഹിച്ച യോഗത്തിൽ യു. സി. കോളേജ് പ്രിൻസിപ്പാൾ ഡോ. രാജൻ വർഗ്ഗീസ്, ജനറൽ സെക്രട്ടറി പ്രൊഫ. കെ. പി. ദിവാകരൻനായർ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

ഡോ. പി എസ്. മോഹൻകുമാർ ഇക്കണോമിക്സ് കോഴ്സ് പുനഃസംഘടിപ്പിക്കുന്നതിന്റെ വിവിധ വശങ്ങൾ സംബന്ധിച്ച രൂപരേഖ അവതരിപ്പിച്ചു.

ഡോ. കെ. സി. ശങ്കരനാരായണൻ, ഡോ എം. കെ. സുകുമാരൻനായർ, ഡോ. പി. ജെ ഫിലിപ്പ് എന്നിവർ ചർച്ചയ്ക്ക് നേതൃത്വം നൽകി. ഡോ. ഗോപിക്കുട്ടൻ, ഡോ. ജി. വി. വർമ്മ, പ്രൊഫ എൻ പി. സോമൻ, പ്രൊഫ. ഷീല വർഗീസ്, പ്രൊഫ. ശംഭുനമ്പൂതിരി, ലീനാ ജോർജ്, എസ്. പി. സുധീർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു. വി.സി. ആൻറണി സ്വാഗതവും പ്രൊഫ. രാജൻവർഗീസ് കൃതജ്ഞതയും രേഖപ്പെടുത്തി. കേരളത്തിലെ വിവിധ സർവകലാശാലകളിൽ നിന്നുള്ള അധ്യാപകർ ശില്പശാലയിൽ പങ്കെടുത്തു.

## W. M. O. കോളേജിൽ പുതിയ ബ്രാഞ്ച്

വയനാട് ജില്ലയിലെ W. M. O. കോളേജ് മുട്ടിൽ എ. കെ. പി. സി.ടി. എ. യുടെ ഒരു ബ്രാഞ്ച് 3-2-97 ൽ പ്രസ്തുത കോളേജിൽവച്ചു ചേർന്ന യോഗത്തിൽ ആരംഭിച്ചു. പ്രസിഡൻറായി Mrs. M. C. Sreelatha യേയും സിക്രട്ടറിയായി Dr. T. I. Manoj നേയും ട്രഷററായി Mr. Ummer O. Thesneem നെയും തെരഞ്ഞെടുത്തു. യോഗത്തിൽ കോളേജിലെ മുഴുവൻ അധ്യാപകരും പങ്കെടുത്തു.

With best compliments from

M/s. ALEENA AUTOMOBILES

EMISSION TESTING STATION

KAKKANADU, ERNAKULAM

With best compliments from

VIMAL[R]

SAKUNTHALA

SAKUNTHALA JUNCTION, PALAKKAD-678014

Phone : 527659

## Abstract of Ph. D. Thesis

# നഗരീകരണവും മലയാള നോവലും

## ചന്തുമേനോൻ, പൊററക്കാട്, ആനന്ദ് എന്നിവരുടെ കൃതികളെ മുൻനിർത്തി ഒരു പഠനം

*ഗൈഡ്* :
ഡോ. ജോർജ് ഇരുമ്പയം
കോഴിക്കോട് സർവകലാശാല

*ഗവേഷകൻ* :
ഡോ. കെ. വി. തോമസ്
മലയാളം വിഭാഗം,
മലബാർ ക്രിസ്ത്യൻ കോളേജ്
കോഴിക്കോട്.

മാനവ സമൂഹത്തിന്റെ വികാസത്തിലെ ഒരു നിർണ്ണായക പ്രക്രിയയാണ് നഗരീകരണം. മനുഷ്യന് മററു മനുഷ്യർ, പ്രകൃതി, പ്രപഞ്ചസത്ത എന്നിവയോടുള്ള ബന്ധങ്ങളിൽ ഗുരുതരമായ വ്യതിയാനങ്ങൾ നഗരീകരണം മൂലം ഉണ്ടായിട്ടുണ്ട്. കൃഷിപ്പണിയിലേർപ്പെട്ടു ജീവിക്കുന്ന ചെറിയ സമൂഹങ്ങളിൽ നിന്നു കച്ചവടം, വ്യവസായം, നിർമ്മാണ പ്രവർത്തനങ്ങൾ, ഭരണം എന്നിവയ്ക്ക് പ്രാധാന്യമുള്ള മേഖലകളിലേയ്ക്ക് മനുഷ്യർ കൂട്ടം കൂട്ടമായി കുടിയേറുന്നതാണ് നഗരീകരണത്തിന്റെ മുഖ്യ സവിശേഷത. നാഗരികമായ ശീലങ്ങളും കമ്പങ്ങളും ഗ്രാമങ്ങളിലേക്ക് വ്യാപിക്കുന്നത് മൂലവും നഗരീകരണം സംഭവിക്കും. ജനങ്ങളുടെയും മൂല്യങ്ങളുടെയും ഈ അഭിസംക്രമണം പുരാതന കാലത്തും പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്നുവെങ്കിലും വ്യവസായ വിപ്ലവത്തിനു ശേഷമാണ് ഈ പ്രക്രിയ ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാക്കിയത്. വ്യവസായ വിപ്ലവത്തിന്റെ ഫലമായി ആവിർഭവിച്ച നഗരങ്ങളോടൊപ്പമാണ് നോവൽ എന്ന സാഹിത്യ രൂപത്തിന്റെയും ഉത്ഭവം. തൻമൂലം നഗരീകരണം നോവലിൽ ചെലുത്തിയിട്ടുള്ള സ്വാധീനത ഗൗരവപൂർവ്വം പഠിക്കപ്പെടേണ്ടതാണ്. അത്തരം ശ്രമങ്ങൾ മലയാളത്തിലിതുവരെ ഉണ്ടായിട്ടില്ല.

നഗരീകരണം എന്ന പ്രക്രിയയെ നവീന വിജ്ഞാനധാരകളുടെ സഹായത്തോടെ വിശദമായി അപഗ്രഥിക്കുകയും അത് മനുഷ്യന്റെ ആർത്ഥികവും ബൗദ്ധികവും ദാർശനികവുമായ മേഖലകളെ എങ്ങനെ സ്വാധീനിക്കുന്നുവെന്നു തിരിച്ചറിയുകയും ഈ സ്വാധീനത മലയാള നോവലിൽ എത്രത്തോളം പ്രതിഫലിക്കുന്നുണ്ടെന്നു നിരീക്ഷിക്കുകയുമാണ് ഈ പഠനത്തിന്റെ ലക്ഷ്യം.

മലയാളനോവലിന്റെ വളർച്ചയുടെ മൂന്നു ഘട്ടങ്ങളെ പ്രതിനിധാനം ചെയ്യുന്ന ചന്തുമേനോൻ. പൊററെക്കാട്, ആനന്ദ് എന്നിവരുടെ കൃതികളെയാണ് പഠന വിധേയമാക്കിയിരിക്കുന്നത്. നഗരീകരണത്തിന്റെയും വ്യവസായവത്ക്കരണത്തിന്റെയും മൂന്നു വ്യത്യസ്തഘട്ടങ്ങളെ കൂടി അവർ പ്രതിനിധാനം ചെയ്യുന്നു.

ഈ പ്രബന്ധത്തെ അഞ്ച് അദ്ധ്യായങ്ങളായി വിഭജിച്ചിരിക്കുന്നു. ഒന്നാമദ്ധ്യായത്തിൽ നഗരീകരണം എന്ന പ്രക്രിയ എന്താണെന്നു വിശദീകരിച്ചിരിക്കുന്നു. നഗരങ്ങളുടെ ഉത്ഭവം, പ്രാചീന-മദ്ധ്യകാല-ആധുനിക നഗരങ്ങൾ, നഗരീകരണ പ്രക്രിയയുടെ നിർവചനം, നഗരീകരണത്തിന്റെ ഋണാത്മകവും ധനാത്മകവുമായ വശങ്ങൾ, നോവലും നഗരീകരണവും തുടങ്ങിയ വിഷയങ്ങൾ ഇതിൽ ചർച്ച ചെയ്യുന്നു.

നഗരീകരണത്തിന്റെ ഫലമായുണ്ടാകുന്ന നഗരഗ്രാമ സംഘർഷം, പ്രകൃതിയിൽ നിന്നുള്ള വിഘടനം, അന്യവത്കരണം, അസ്തിത ദുഃഖം, നിശ്ചയവ്യഥ, ബന്ധശൈഥില്യം, യാന്ത്രിക ജീവിതം, മത്സരം സൃഷ്ടിക്കുന്ന

സമ്മർദ്ദം, പണത്തിന്റെ ആധിപത്യം, സ്ഥലകാലബോധങ്ങളിൽ വരുന്ന മാററം, സ്വത്വപ്രതിസന്ധി തുടങ്ങിയ പ്രശ്നങ്ങളെ ഈ അദ്ധ്യായത്തിൽ വിശദമാക്കുന്നുമുണ്ട്.

ചന്തുമേനോന്റെ നോവലുകളിലെ നാഗരികാംശങ്ങൾ കണ്ടെത്താനുള്ള ശ്രമമാണ് രണ്ടാമദ്ധ്യായത്തിൽ. നാഗരീകരണത്തിന്റെയും നോവലുകളുടെയും ആരംഭദശയിലെഴുതപ്പെട്ട ചന്തുമേനോന്റെ കൃതികളിൽ നഗരീകരണത്തിന്റെ ധനാത്മകവശങ്ങൾക്കാണ് പ്രാമുഖ്യം. സാമ്പത്തിക വ്യക്തിവാദത്തിന്റെയും, മുതലാളിത്ത വ്യവസ്ഥിതിയുടെയും ഉദയം ഇന്ദുലേഖയിൽ പരാമൃഷ്ടമാകുന്നുണ്ടെന്ന് ഇതിൽ നിരീക്ഷിക്കുന്നു. നൂററാണ്ടുകളുടെ നിശ്ചലതയാൽ ജീർണ്ണമായ സാമൂഹിക സ്ഥാപനങ്ങൾ പരിവർത്തന വിധേയമാവുന്നതാണ് ചന്തുമേനോന്റെ കൃതികളിൽ കാണുന്നത്. വ്യവസായവത്കരണവും, നഗരീകരണവും സൃഷ്ടിച്ച ഭൗതിക സാഹചര്യവും നവോത്ഥാനജന്യമായ പുതിയ അവബോധവുമാണ് ഈ മാററത്തിനു പ്രേരകം.

മൂന്നാമദ്ധ്യായത്തിൽ എസ്. കെ. പൊററക്കാടിന്റെ നാടൻപ്രേമം, വിഷകന്യക, മൂടുപടം, ഒരു ദേശത്തിന്റെ കഥ, ഒരു തെരുവിന്റെ കഥ എന്നീ നോവലുകൾ പഠനവിധേയമാക്കിയിരിക്കുന്നു. നഗരീകരണത്തിന്റെ അഞ്ചു വ്യത്യസ്ത രീതികൾക്ക് പ്രാതിനിധ്യം വഹിക്കുന്നവയാണ് ഈ കൃതികൾ. നഗരീകരണത്തിന്റെ ആരംഭദശയിൽ ഗുണങ്ങളായി അനുഭവപ്പെട്ടിരുന്ന പലതും ദോഷങ്ങളായി പരിണമിക്കുന്നത് പൊററക്കാടിന്റെ കൃതികളിൽ ദർശിക്കാം. ചന്തുമേനോൻ ബന്ധദാർഢ്യമുള്ള കുടുംബങ്ങൾ രൂപപ്പെടുന്ന സാഹചര്യമാണ് ചിത്രീകരിച്ചതെങ്കിൽ പൊററക്കാട് കുടുംബങ്ങളുടെ ശൈഥില്യമാണ് ആവിഷ്കരിക്കുന്നത്. ഒരു കൈയിൽ ഇരുട്ടും മറു കൈയിൽ വെളിച്ചവുമേന്തി നിൽക്കുന്നൊരു വിരുദ്ധമൂർത്തിയായി പൊററക്കാടിന്റെ കൃതികളിൽ നഗരം പ്രത്യക്ഷപ്പെടുന്നു.

നാടൻ പ്രേമത്തിലെ നഗരഗ്രാമ സംഘർഷം എന്ന ആശയം ഒരു ദേശത്തിന്റെ കഥയിലെത്തുമ്പോൾ നഗരഗ്രാമ സഹകരണം എന്ന വീക്ഷണമായി പരിണമിക്കുന്നു.

ആൾക്കൂട്ടത്തെ മുൻനിർത്തി ആനന്ദിന്റെ നോവലുകളെ പററിയുള്ള പഠനമാണ് നാലാമദ്ധ്യായത്തിൽ. ആധുനിക നഗരങ്ങളുടെ ഇരുണ്ട മുഖമാണ് ആനന്ദിന്റെ കൃതികളിൽ പ്രത്യക്ഷപ്പെടുന്നത്. നഗരവും മനുഷ്യാവസ്ഥയുമാണ് ആനന്ദിന്റെ പ്രതിപാദ്യങ്ങൾ. ആധുനിക നഗരങ്ങളുടെ ശിഥില ഘടനയാണ് അദ്ദേഹത്തിന്റെ നോവലുകൾക്കുള്ളത്. 'ആൾക്കൂട്ട'ത്തിൽ മനുഷ്യാവസ്ഥയെ സ്ഥലനിഷ്ഠമായും അഭയാർത്ഥികളിൽ കാലനിഷ്ഠമായും വ്യാഖ്യാനിക്കുന്നു. ആധുനിക ജീവിതാവസ്ഥയുടെ പ്രതീകാത്മക ഭാഷ്യങ്ങളാണ് ഉത്തരായനം, മരണ സർട്ടിഫിക്കററ്, മരുഭൂമികൾ ഉണ്ടാകുന്നത് എന്നീ നോവലുകൾ.

ഉപസംഹാരം എന്ന അഞ്ചാമദ്ധ്യായത്തിൽ മൂന്നദ്ധ്യായങ്ങളിലെ പഠന ഫലങ്ങൾ വിലയിരുത്തി നിഗമനങ്ങളും കണ്ടെത്തലുകളും ക്രോഡീകരിച്ചിരിക്കുന്നു. □

## . വി. തോമസിന് ഡോക്ടറേററ്



'നഗരീകരണവും മലയാള നോവലും' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ ഗവേഷണത്തിന് കോഴിക്കോട് സർവകലാശാലയിൽ നിന്നു പി.എച്ച്.ഡി. ബിരുദം നേടിയ ശ്രീ. കെ. വി. തോമസ്. ഡോ. ജോർജ് ഇരുമ്പയത്തിന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം. എ.കെ.പി.സി.ടി.എയുടെ സജീവ പ്രവർത്തകനായ തോമസ് കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജിൽ മലയാളം അദ്ധ്യാപകനാണ്.

ഡോ. കെ. വി. തോമസിന് സംഘടനയുടെ അഭിനന്ദനങ്ങൾ.

# FIFTH CENTRAL PAY COMMISSION

## – RECOMMENDATIONS

The Fifth Central Pay Commission set up by the central government on 9th April 1996, with Justice S. Ratnavel Pandian (Former Judge of Supreme Court) as the head and Prof. Suresh Tendulkar (economist) and Mr. M. K. Kaw, I A S, as Member and Member-Secretary respectively, submitted its report on 30th January 1997.

Some of the recommendations of the commission are given in brief:

There is a backlog of 3.5 lakh vacant posts, They should be abolished straight away,

There could be a freeze on further employment of junior staff while a sharp cut-back in intake of the executives.

There would be a down sizing of numbers by 30% in a ten-year period. This could be achieved by the usual wastage through deaths and retirements, assisted by a greater number of retirements under the Voluntary Retirement Scheme with the golden hand shake and compulsory retirement of those who are found to be incompetent or corrupt.

Employment on contract basis should be encouraged.

Based on the advice of the National Productivity council, commision arrived at minimum salary. For the maximum salary a study was entrusted to the Indian Institute of Public Administration. Demand for parity in wages with public sector is not accepted.

Modifying the suggestions of the Tata Consultancy Services, commission recommended the classification of the services into Top Executives (Secretaries, Special Secretaries, Additional secretaries and equivalent), Senior Executives (joint secretaries, DIGs and equivalent), Executives (all others in Group A), supervisory personnel, supporting personnel and Auxilliary Personnel. The distinction between gazetted and non-gazetted officers in Government should be abolished.

Group A officers will get upgradation on completion of 5th. 9th and 13th year with automatic increase in pay. The upgradation for Group B officers will be on completion of 8 years and 16 years. For group C it is on completion of 10 and 20 years. And for group D it is on completion of 12 and 24 years.

For scientific services, apart from their benefiting from all the recommendations meant for other group A services, there are certain special features in the report:

